# DIOCESE OF BELTHANGADY

BISHOP'S HOUSE
BELTHANGADY

P. B. NO. 13
BELTHANGADY - 574 214
D.K., KARNATAKA, INDIA

*Ref:* Circular No. 07/2020

*Date*...23.06.2020...

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

നമ്മുടെ രൂപതയിലെ ദക്ഷിണ കന്നഡ, ഉടുപ്പി ജില്ലകളിലെ പള്ളികളിൽ പൊതുജന പങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാന ആരംഭിക്കുന്നതിനെക്കുറിച്ചാണ് ഈ കത്ത്.

സർക്കുലർ നമ്പർ 5/2020 പ്രകാരം 2020 ജൂൺ 30 വരെ നമ്മുടെ രൂപതയിലെ ദക്ഷിണ കന്നഡ, ഉടുപ്പി ജില്ലകളിൽ പൊതുജന പങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാന നടത്തേണ്ടതില്ലെന്നും പിന്നീട് സ്ഥിതിഗതികൾ കണക്കിലെടുത്തുകൊണ്ട് തീരുമാനം അറിയിക്കാം എന്നും എഴുതിയിരുന്നു. ഇപ്പോൾ പെരിയ ബഹു. ഫൊറോന വികാരിമാരിലൂടെ വീണ്ടും ഇതിനെ സംബന്ധിച്ച അഭിപ്രായം ശേഖരിക്കുകയുണ്ടായി. കോവിഡ്-19 രോഗ വ്യാപനത്തിന് കാര്യമായ മാറ്റം സംഭവിച്ചിട്ടില്ല. എന്നാൽ അനിശ്ചിതമായി വി. കുർബാനയും മറ്റെല്ലാ തിരുകർമ്മങ്ങളും സഭാ ജീവിതവും മുടക്കുന്നത് ശരിയല്ലെന്നും കർശനമായി നിയന്ത്രണങ്ങളും മുൻകരുതലുകളും എടുത്തുകൊണ്ട് പൊതുജന പങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാനയും മറ്റ് തിരുകർമ്മങ്ങളും ആരംഭിക്കണമെന്നുമാണ് പൊതുവായി അഭിപ്രായപ്പെട്ടത്.

നമ്മുടെ ജനങ്ങളുടെ അദ്ധ്യാത്മീക നന്മയും മേൽ സൂചിപ്പിച്ച അഭിപ്രായവും കണക്കിലെടുത്തുകൊണ്ട് 2020 ജൂലൈ 3 ദുക്റാന തിരുനാൾ മുതൽ നമ്മുടെ രൂപതയിലെ ദക്ഷിണ കന്നഡ, ഉടുപ്പി ജില്ലകളിലെ പള്ളികളിൽ വീണ്ടും പൊതുജന പങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാനയും മറ്റ് തിരുകർമ്മങ്ങളും നടത്തുവാൻ അനുവദിക്കുന്നു. എല്ലാവരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ താഴെ പറയുന്ന നിബന്ധനകൾ കൃത്യമായി പാലിക്കേണ്ടതാണ്:

1. സർക്കാർ നല്കുന്ന നിയമങ്ങൾ കർശനമായി പാലിക്കുക.
2. സർക്കുലർ നമ്പർ 5/2020ൽ തന്നിരിക്കുന്ന മാർഗ്ഗ രേഖകൾ (Guidelines ) കർശനമായി അനുസരിച്ച്വേണം മേൽ പറഞ്ഞ കാര്യങ്ങൾ നടത്തുവാൻ.

"അങ്ങേ കൃപയുടെ വാതിൽക്കൽ മുട്ടിവിളിക്കുന്നവർക്ക് വാതിൽ തുറന്ന് കൊടുക്കുന്ന കർത്താവ്" നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റേയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

MAR LAWRENCE MUKKUZHY
TO LOVE AND TO SERVE
BISHOP OF BELTHANGADY

ബെൽത്തംഗഡി
23-06-2020

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

NB: ഈ സർക്കുലർ 28.06.2020 മുമ്പ് എല്ലാവരെയും അറിയിക്കേണ്ടതാണ്.